# SHADOWS



# നിഴൽ

GHSS THRICKODITHANAM

- **കോ**ട്ടയം ജില്ലയിലെ തന്നെ ഏറ്റവുംവലിയ സർക്കാർ വിദ്യാലയമായ തൃക്കൊടിത്താനം ഗവണ്മെന്റ് സ്കൂളിന് ഏതാണ്ടു 150 -ലധികം വർഷങ്ങളുടെ മഹത്തായ പാരമ്പര്യമാണുള്ളത്. നഴ്സറി സ്കൂൾ മുതൽ ഹയർ സെക്കണ്ടറി സ്കൂൾ വരെ ഒരു മതിൽ ക്കെട്ടിനുള്ളിൽ എന്ന പ്രത്യേകത കൂടി ഈ വിദ്യലയത്തിനുണ്ട്.കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ ഏക ഗവൺമെൻറ് ഹയർ സെക്കൻഡറി സ്ക്കൂളാണ് തൃക്കൊടിത്താനം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ. 1870 ൽ പള്ളിക്കൂടം ആയി പ്രവർത്തനം ആരംഭിച്ച് 1968ൽ പ്രൈമറി തലത്തിൽ നിന്നും ഹൈസ്കൂളായി ഉയർത്തപ്പെട്ടു . 1998 ൽ ഹയർസെക്കൻഡറി കൂടി ഇതിനോടൊപ്പം ചേർക്കപ്പെട്ടു.



# നിഴൽ

# മുഖമൊഴി

വെളിച്ചം ആവശ്യമാണ്.

കൂട്ടിനായി നിഴലും.

മിനുക്കുംതോറും ശോഭിക്കുന്ന പ്രതിഭയെ അറിയാനുള്ള

വഴികളാകട്ടെ ഈ താളുകൾ-

അഗ്നിയാളുന്ന അക്ഷരങ്ങൾക്കായി

പണയപ്പെടുത്താത്ത ചിന്തകൾക്കായി

ഈ സഞ്ചാരപഥത്തിന്റെ വാതിൽ തുറന്നിടുന്നു..

മൂകനായ സഹയാത്രികാ..

സർഗാത്മക സഹചാരി..

നീയും കൂട്ടിന് ഉണ്ടാവണം.



എഡിറ്റർ

# ആശംസ



വിദ്യാർത്ഥികളുടെ സർഗാത്മകമായ വികാസത്തിന്    കയ്യെഴുത്ത് മാസികകൾ വളരെയേറെ സഹായകമാണ് .
ഈ ഡിജിറ്റൽ യുഗത്തിൽ ഇങ്ങനെയുള്ള ഡിജിറ്റൽ മാഗസിനുകൾ വളരെയേറെ പ്രതീക്ഷകൾ നൽകുന്നു. നമ്മുടെ സ്ക്കൂളിലെ കൊച്ചുപ്രതിഭകൾ തയ്യാറാക്കിയ ഈ സാഹിത്യ സൃഷ്ടികൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഇനിയും പുതിയ ധാരാളം എഴുത്തുകാർ ഉയർന്നു വരട്ടെ എന്ന് ആശംസിക്കുന്നു.

രാജി ആർഎസ്
ഹെഡ്മിസ്ട്രസ

# ഉള്ളടക്കം




- ഓർമ (കവിത)
- ഒരു കോഴിക്കോടൻ യാത്ര (യാത്ര വിവരണം)
- ആരോഗ്യം കവരുന്ന  മൊബൈലുകൾ (ലേഖനം )
- പവിഴ മഴ (കവിത)
- കേരളീയ സമൂഹവും ധൂർത്തും(ലേഖനം)
- അവശേഷിച്ചത്(കവിത)
- മഴപ്പാഠം (കഥ)
- എന്റെ സ്വപ്നം(കവിത)
- അമ്മ(കവിത)
- അമ്മ(കവിത)
- ലിംഗ സമത്വം (ലേഖനം)
- യാത്രാ മംഗളം
- ആക്ടിവിറ്റി ഫോട്ടോസ്

# CLUBS OF SCHOOL

## LITTLE KITE



## NCC



## SCIENCE CLUB




## ENVIRONMENTAL CLUB




## SOCIAL SCIENCE CLUB




## MATHSCLUB



## SPORTSCLUB




## VIDYARANGAM CLUB




## ENGLISH CLUB




## ITCLUB




## VIMUKTHI CLUB



## HEALTH CLUB





## ELECTION LITERACY CLUB




## SCHOOL SURAKSHA CLUB



## SCHOOL COUNSELLING



## HINDI CLUB



## ARTS CLUB










## WORK EXPERIENCE







# എന്റെ മലയാളം





# ഓർമ്മ



ഉഷ്ണഗന്ധം നിറഞ്ഞ ചുവരുകൾക്കുള്ളിൽ

ചിതലരിച്ചു തീരേണ്ട ഒരു പാഴ്ക്കടലാസായി

അടക്കം ചെയ്യപ്പെട്ടതായിരുന്നില്ലേ ആ ഓർമ്മകൾ......



ദുഃഖങ്ങൾ കുഴിച്ചുമൂട്ടുന്ന കല്ലറയിൽ

നല്ല ഉറപ്പുള്ളമേൽ പ്പലകകൊണ്ട്

മൂടിവച്ചിരുന്നിട്ടും

പെട്ടെന്ന് ഒരുനാൾ കല്ലറയുടെ മേൽപ്പലക എങ്ങനെയാണ് കാണാതായത്

ദുഃഖം മനസ്സിലും ശരീരത്തിലും

പടർന്നു പിടിക്കാൻ തുടങ്ങിയിരിക്കുന്നു.

അത് മറ്റാരും മനസ്സിലാക്കാതിരിക്കാൻ

താൽക്കാലികമായി ചിരിയുടെ മുഖപടം അണിയേണ്ടിയിരിക്കുന്നു .

സഞ്ജന ബി
10A



# ഒരു കോഴിക്കോടൻ യാത്ര....

കോഴിക്കോടിന്റെ ആതിഥ്യം തൊട്ടറിഞ്ഞ ദിവസം-
ഗവൺമെൻറ് വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂൾ നടക്കാവിലേക്ക് മോഡൽ സ്കൂൾ പ്രോജക്ടിന്റെ ഭാഗമായി തൃക്കൊടിത്താനം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ നടത്തിയ Twinning programme .

സംസ്ഥാനത്തെ ആദ്യത്തെ അന്താരാഷ്ട്ര നിലവാരമുള്ള സർക്കാർ സ്കൂൾ. പത്തുവർഷങ്ങൾക്ക് ശേഷവും പ്രൗഢിയും ലാവണ്യവും ഗുണനിലവാരവും നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന്റെ രഹസ്യം തേടിയുള്ള യാത്ര-

സ്കൂളിൽ എത്തിയപ്പോൾ തന്നെ ഞങ്ങളെ കൊതിപ്പിച്ചത് സ്കോട്ലാൻഡിൽ നിന്നുള്ള



വില്യം ക്രൂപ്പർ ഡിസൈൻ ചെയ്ത കുട്ടികളുടെ യൂണിഫോമാണ്.

സ്കൂളിലേക്കുള്ള വഴിയിലേക്ക് വണ്ടി തിരിഞ്ഞപ്പഴേ, അവരെ ഞങ്ങൾ തിരിഞ്ഞു തിരിഞ്ഞു നോക്കി കണ്ണു വച്ചതാണ് കേട്ടോ
അഞ്ചു മുതൽ ഹയർസെക്കൻഡറി, വൊക്കേഷൻ ഹയർ സെക്കൻഡറി വിഭാഗത്തിൽ പെട്ട 2500 ലധികം കുട്ടികൾക്ക് ഒരേ യൂണിഫോം ...
ഒരേ പൊതു ഇടങ്ങൾ... ലൈബ്രറി ..ലാബുകൾ.. കളിസ്ഥലം..ആസ്ട്രോ ടർഫ് ചെയ്ത കേരളത്തിലെ ആദ്യത്തെ ഹോക്കി- ഫുട്ബോൾ സ്റ്റേഡിയം....

സ്വതന്ത്രരായി തികഞ്ഞ ആത്മവിശ്വാസത്തോടെ നടന്നു നീങ്ങുന്ന പെൺകുട്ടികളെ കണ്ടപ്പോൾ തെല്ല് അസൂയ തോന്നിയോ എന്തോ ...
(2001-ൽകോട്ടയം സി.എം.എസ് കോളേജിലെ റിസർച്ച് കാലമാണ് ക്യാമ്പസിൽ കയറിയപ്പോൾ എനിക്ക് ഓർമ്മ വന്നത്)



മരത്തണലുകൾ...

വള്ളിക്കുടിലുകൾ..

കൂട്ടംകൂടി കഥ പറയുന്ന കൗമാരങ്ങൾ ...

കാർക്കശ്യത്തിന്റെ കണ്ണുരുട്ടലുകളും, വടിവീശലുകളും ഇല്ലാതെ സ്വയം നിയന്ത്രണമുള്ള കരുത്തരായ കുരുന്നുകൾ..

ന്യൂജൻ ഭാഷയിൽ പറഞ്ഞാൽ -
ഹോ..ആ.. Ambiance
ഒരു രക്ഷയും ഇല്ല
എന്തൊരു vibe...

ആദ്യം കണ്ട് സംസാരിച്ചത് പ്രിൻസിപ്പൽ സചിത്രൻ സാറിനോടും രതീഷ് സാറിനോടും ആണ്.

പ്രിസം പ്രോജക്ട്, ഫൈസൽ & ഷബാന ഫൗണ്ടേഷന്റെ സഹായത്തോടെ ഇന്നത്തെ സ്കൂളായ കഥ പറയുമ്പോൾ, ഈ മാറ്റത്തിന് സാക്ഷിയും പങ്കാളിയുമായി നിന്ന രതീഷ് സാറിൻറെ വാതോരാതെയുള്ള ഓരോ വാക്കിലും സ്കൂളിനെ ഹൃദയത്തിൽ ചേർത്തുവച്ചിരിക്കുന്നത് അനുഭവിച്ചറിയാമായിരുന്നു.

പതിറ്റാണ്ട് പദ്ധതികളായി പോകുന്ന നമ്മുടെ ഓരോ പ്രോജക്ടും മാതൃകയാക്കേണ്ടതാണ് ,സമ്പത്തും സമയവും ലാഭിക്കുന്ന 'pre cast'നിർമ്മാണ രീതി.

മാസങ്ങൾ കൊണ്ട്
കെട്ടിത്തീർത്ത building ന്റെ മനോഹാരിത ആരുടെയും മനം നിറയ്ക്കും.



നമ്മൾ വായനാ മൂലകൾ സ്ഥാപിച്ച് വായനയെ മൂലയിൽ ആക്കിയപ്പോൾ സ സ്കൂളിൻറെ അയ ൽവാസിയായ മഹാപ്രതിഭ എം ടി വാസുദേവൻ നായർ ഉദ്ഘാടനം ചെയ്ത 'റീഡിങ് ഗാർഡനി'ൽ തേൻ നുകരാൻ ക്ഷണിക്കാതെ തന്നെ പൂമ്പാറ്റകൾ വന്നെത്തി പാറുന്നുണ്ടായിരുന്നു... പുസ്തകങ്ങളെ പ്രണയിക്കുന്ന ഞങ്ങളുടെ ധ്വനി-യെ ആ ലൈബ്രറിയിൽ നിന്ന് ഇറക്കാൻ നന്നേ പാടുപെട്ടു. പുസ്തകങ്ങൾ കാണുമ്പോൾ കണ്ണടയുന്നവർ പോലും കണ്ണ് മിഴിച്ച് നിന്നുപോയി.

ഹെഡ്മാസ്റ്റർ സന്തോഷ് സാറിൻറെ സന്തോഷത്തോടെയുള്ള സ്വീകരണം മറക്കാനാവുന്നില്ല. ഒരു കലാകാരന്റെ കയ്യൊപ്പ് പതിയുന്നിടത്തെല്ലാം അതിന്റെ ലാവണ്യം നിഴലിക്കും എന്നതിന് ഉദാഹരണമാണ് പുതിയതായി പണിതീർത്ത റെക്കോർഡിങ് സ്റ്റുഡിയോ.



മ
നോഹരമായ പെയിൻറിംഗ് ഞങ്ങളെ ഒരുപാട് മോഹിപ്പിച്ചു.

സ്കൂൾ ലീഡർ അഭിരാമിയുമായി നടത്തിയ സംഭാഷണം ആ സ്കൂളിലെ കുട്ടികളുടെ ഒരു നേർചിത്രം കൂടിയായിരുന്നു.

കോഴിക്കോടൻ വിഭവങ്ങളുടെ രുചി മധുരവും നുകർന്ന് അവിടെനിന്ന് യാത്രതിരിച്ചപ്പോൾ ആതിഥ്യ മര്യാദയ്ക്ക് കേൾവി കേട്ട കോഴിക്കോടുകാർ ഞങ്ങളെ കൈവീശി യാത്രയാക്കാതെ കാരപ്പറമ്പ് സ്കൂൾ വരെ കൂട്ടു വന്നു. വഴികാട്ടിയായി മുൻപേ പറന്ന രതീഷ് സാറിനോടുള്ള നന്ദി പറഞ്ഞു തീർക്കുന്നില്ല.

കാരപ്പറമ്പിൽ കണ്ണുടക്കിയത് സ്കൂളിലെ ആർട്ട് ഗ്യാലറിയും ഇൻഡോർ സ്റ്റേഡിയവുമാണ്. പ്രിൻസിപ്പൽ മനോജ് സാറിന്റെയും ജിജ ടീച്ചറുടെയും സ്വീകരണവും ഏറ്റുവാങ്ങി ലാബുകൾ, ഡൈനിങ് ഹാൾ, ലാൻഡ്സ്കേപ്പിംഗ്, ആംഫിതീയേറ്റർ ഇവയൊക്കെ കണ്ട് ലൈബ്രറിയിൽ എത്തി. അത് ഡിസി ബുക്സ് സ്പോൺസർ ചെയ്തതാണെന്ന് അറിഞ്ഞപ്പോൾ കോട്ടയംകാർക്ക് അല്പം ജാള്യത തോന്നാതിരുന്നില്ല ...



റസ്റ്റ് റൂമിന്റെ vibe പറയാതെ വയ്യ അതിൻറെ ഭിത്തിയും ഒരു ആർട്ട് ഗ്യാലറി തന്നെ .
(നമ്മുടെ പൊതു ശൗചാലയത്തിലെ ആർട്ട് അല്ല കേട്ടോ )

ജനപ്രതിനിധികളും സമൂഹവും അധ്യാപകരും സർക്കാരും ഒരുമിക്കുമ്പോൾ എന്തൊക്കെ വികസനങ്ങൾ ഒരു സ്കൂളിൽ സംഭവിക്കും എന്നതിന് ഉദാഹരണമാണ് കോഴിക്കോടുള്ള നടക്കാവ് സ്കൂളും കാരപ്പറമ്പ് സ്കൂളും.

Corpus fund ശേഖരണം ഒരു മാതൃകയാക്കാൻ ഞങ്ങളും തീരുമാനിച്ചു....

ഒരു ജനപ്രതിനിധിക്ക് തന്റെ നാടിനു വേണ്ടി ചെയ്യാൻ പറ്റുന്ന ഏറ്റവും വലിയ കാര്യം ഭാവി തലമുറയെ വാർത്തെടുക്കുക എന്നതാണെന്ന് തിരിച്ചറിഞ്ഞ എംഎൽഎ ,എ പ്രദീപ്കുമാറിന് Big Salute
'പ്രദീപേട്ടൻ 'എന്ന് അവർ വിളിക്കുമ്പോൾ ഞങ്ങൾ കണ്ടത് സ്കൂളിലെ വിരുന്നുകാര ൻ അല്ലാത്ത വീട്ടുകാരനായ എംഎൽഎ യെ ആണ്.



പ്ലാനറ്റോറിയം visit ..
Beach Experience ...

ഇത്രയും relaxed ആയിട്ട് മനസ്സന്തോഷം തന്ന ഒരു യാത്ര- അടുത്തൊന്നും.....
കോഴിക്കോട് തന്നെ പോകണമെന്ന് ഉറച്ച തീരുമാനമെടുത്ത HM രാജിറ്റീച്ചറിനോട് എന്റെ നന്ദി




ബീനാ മോൾ ജേക്കബ്









# ആരോഗ്യം കവരുന്ന മൊബൈലുകൾ





തുടർച്ചയായ മൊബൈൽ ഫോൺ ഉപയോഗം നിങ്ങൾക്ക് സന്തോഷം തരുന്നുണ്ടെങ്കിൽ സൂക്ഷിക്കണം. പ്രത്യേകിച്ച് ആവശ്യങ്ങൾ ഒന്നുമില്ലാതെ മണിക്കൂറുകളോളം ഫോണിൽ ചെലവഴിക്കുകയും നിങ്ങളുടെ മനസ്സ് എപ്പോഴും മൊബൈലിൽ പരതുകയും ചെയ്താൽ അത് പ്രാരംഭ സൂചനയാണ്. ഒരു വിഷയത്തിനായി കമ്പ്യൂട്ടർ ,സ്മാർട്ട് ഫോണുകൾ നോക്കുന്നവർ ആവശ്യമില്ലാത്ത 10 കാര്യങ്ങൾ കൂടി നോക്കിയിട്ടായിരിക്കും താഴെ വയ്ക്കുന്നത്.

തുടർച്ചയായ മൊബൈൽ ഫോൺ ഉപയോഗം നിരാശയിലേക്ക് നയിക്കുന്നു എന്നാണ് പുതിയ പഠനങ്ങൾ തെളിയിക്കുന്നത്. ലഹരിവസ്തുക്കൾ ഇല്ലാതെ പിടിച്ചുനിൽക്കാൻ കഴിയാത്തവരെപ്പോലെ തന്നെയാണ് ഫോണില്ലാതെ അഞ്ചുമിനിറ്റ് പോലും ഇരിക്കാൻ കഴിയാത്തവരും. മനുഷ്യർ പരസ്പരം ആശ്രയിച്ച് ജീവിക്കുന്നവരാണെന്ന് ചെറിയ ക്ലാസുകളിൽ നമ്മൾ പഠിച്ചിട്ടുണ്ട്. എന്നാൽ മാറുന്ന ലോകത്തിൽ, സമൂഹത്തിൽ, മറ്റുള്ളവരുമായി ഇടപെടാൻ അറിയാത്ത ഒരു തലമുറയാണ് ഇന്ന് വളർന്നുവരുന്നത്.

ഇ-മെയിൽ ചാറ്റ്, മെസ്സേജ് ,വീഡിയോ ചാറ്റ് എന്നിവ വഴി മാത്രം ആശയവിനിമയം നടത്തുന്നവർ ഒരാളെ നേരിൽ കാണുമ്പോൾ എങ്ങനെ സംസാരിക്കണം എന്നറിയാതെ കുഴയും. സാമൂഹ്യ സാഹചര്യങ്ങളിൽ എങ്ങനെ പ്രതികരിക്കണമെന്ന് കാര്യത്തിൽ അവർക്ക് ആശയക്കുഴപ്പമുണ്ടാകും . ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗം തന്നെയാണ് ഇതിന് കാരണം. വ്യക്തിബന്ധങ്ങളിൽ നിന്ന് കിട്ടുന്ന ഊർജ്ജം ഒരിക്കലും സൈബർ ലോകത്തുനിന്ന് കിട്ടുകയില്ല .ഏതിനും നമ്മൾ സ്വയം നിയന്ത്രണം ഏർപ്പെടുത്തണം. അല്ലെങ്കിൽ സാങ്കേതികവിദ്യയും വില്ലനായി മാറാം എന്നാണ് ഇത് തെളിയിക്കുന്നത്.



നിദാ ഫാത്തിമ
9ബി



# പവിഴ മഴ

അകലെ നിന്ന് വന്നെൻ
നെഞ്ചിൽ
പവിഴ മുത്തുപോൽ പതിക്കും എൻ
അത്ഭുതമഴയേ...

നിനക്ക് എന്ത് സൗന്ദര്യം?
നിനക്ക് എത്ര സൗരഭ്യം? നിന്നെ
കാണുമ്പോൾ എന്തേ ഞാൻ ഇത്ര
സന്തോഷിക്കുന്നു.?

നിൻ മായയിൽ ഞാനിതാ
അലിയുന്നു. സ്നേഹമഴയേ...
എന്തേ നിനക്കെത്ര സല്ലാപം
എന്തേ നിനക്ക് ഇത്ര ആഹ്ലാദം
ളുവൽ പോൽ
എന്നുള്ളിൽ തൊടുമെൻ
പ്രണയമഴയേ ..
നീയാണെൻ സന്തോഷം
നീയാണെൻ സംഗീതം

അശ്വനികൃഷ്ണ൯C





# കേരളീയ സമൂഹവും ധൂർത്തും



"ഈ ലോകത്ത് മനുഷ്യന് ജീവിക്കാൻ ആവശ്യമായതെല്ലാം ഉണ്ട്. പക്ഷേ ഒരാളുടെ പോലും അത്യാഗ്രഹത്തിനുള്ളതില്ല" ഗാന്ധിജിയുടെ ഈ വാക്കുകൾ ആർഭാടങ്ങൾക്ക് പിന്നാലെ പറയുന്ന ഓരോ മലയാളിയും ഓർത്തിരിക്കേണ്ടതാണ് മലയാളികൾ ധൂർത്ത് കാണിക്കുന്നത് പ്രധാനമായും പൊങ്ങച്ചത്തിനു വേണ്ടിയാണ്. നമ്മുടെ ജീവിതം അയൽക്കാരനെ തോൽപ്പിക്കാൻ വേണ്ടിയാണ് എന്നാണ് മലയാളി കരുതുന്നത്. ഇന്ന് ശരാശരി മലയാളിയുടെ പൊങ്ങച്ചം പ്രകടമാകുന്നത് പ്രധാനമായും അഞ്ചു കാര്യങ്ങളിലാണ്. വിവാഹം ,വിദ്യാഭ്യാസം, വീട് നിർമ്മാണം, വാഹനം, ചികിത്സ എന്നിവയാണവ.

സമ്പന്നർ അത്യാഡംബര ജീവിതം നയിക്കുമ്പോൾ കടം വാങ്ങിയെങ്കിലും അത് അനുകരിക്കാനുള്ള അനാരോഗ്യകരമായ മത്സരബുദ്ധി സാധാരണക്കാരനെ പോലും പിടികൂടിയിരിക്കുന്നു. എന്ന് മനസ്സിലാക്കാൻ വിവാഹ ചടങ്ങുകളും വീട് നിർമ്മാണവും നിരീക്ഷിച്ചാൽ മതി. ധൂർത്തും അത്യാഡംബര ജീവിതഭ്രമവും ആണ് മലയാളിയെ കടക്കെണിയിൽ അകപ്പെടുത്തുന്നത്.

അഭിരാമി സി ആർ
9B

# അവശേഷിച്ചത്





തീ കാർന്നുതിന്ന നഗരഭാഗങ്ങൾ..

കരിഞ്ഞ രക്തം ഒലിക്കുന്ന മനുഷ്യജഡങ്ങൾ...

ജീവൻ നൽകിയ തലയോട്ടികൾ ചോര
കലങ്ങിയ കണ്ണുകൾ...

എല്ലാം ഒരു നിമിഷത്തേക്ക് ആയിരുന്നു .

കരുണ വറ്റിയ ഹൃദയങ്ങളിലെ പ്രതികാരം
തീച്ചൂള രൂപത്തിലാക്കി ദേഷ്യം തീർക്കു മുമ്പേ-

അവർ പടിയടച്ച് പിണ്ഡം വെച്ചു.

മനുഷ്യത്വം മരവിച്ച ഭൂമി വെടിക്കോപ്പുകൾ
ഛർദിച്ചു .
ചോരക്കളമായ മണ്ണിൽ സാന്ത്വനം
നിഷേധിക്കപ്പെട്ടു.

ഇനിയും....

കൃഷ്ണപ്രിയ
10B



# മഴപ്പാഠം



ഒരു വൈകുന്നേരം ഞാനും അടുത്ത വീട്ടിലെ അമ്മു ചേച്ചിയും അമ്പലത്തിൽ പോകാൻ തീരുമാനിച്ചു. ഞാൻ നേരത്തെ കുളിച്ചു പട്ടുപാവാടയും ഉടുപ്പുമണിഞ്ഞ്, മുറ്റത്തുനിന്ന തുളസിച്ചെടിയിൽ നിന്നും രണ്ടുമൂന്നിലകൾ പൊട്ടിച്ചു മുടിയിൽ ചൂടി. പൂക്കുടയിൽ ചെത്തിപ്പൂവും പറിച്ചിട്ട് പോകാനിറങ്ങി. ഇറങ്ങുമ്പോൾ അമ്മ വാതിൽക്കൽ വന്നു പറഞ്ഞു ."അച്ചൂ മഴപെയ്യും ഒരു കുട കൂടെ കൊണ്ടുപോ മോളേ"ഞാൻ മാനത്തേക്ക് നോക്കി. മഴ പെയ്യാനുള്ള ഒരുക്കമൊന്നുമില്ലല്ലോ... എന്ന് പറഞ്ഞ് കുട എടുക്കാതെ ഞങ്ങൾ അമ്പലത്തിൽ പോയി.

തിരിച്ചടങ്ങുമ്പോൾ പെട്ടെന്ന് തന്നെ മാനം കാർമേഘങ്ങളാൽ നിറഞ്ഞു .നല്ല ഇരുട്ട് മൂടിവന്നു .തണുത്ത കാറ്റും .മഴപെയ്യാൻ തുടങ്ങി .ചെറിയ ചാറ്റൽ മഴയായിരുന്നു .ഞങ്ങൾ വലിയ മഴയ്ക്ക് മുമ്പേ വീട്ടിലെത്താൻ ഓടാൻ തുടങ്ങി. എന്നാൽ പകുതി വഴിക്ക് എത്തിയപ്പോൾ തന്നെ മഴ അതിശക്തിയായി പെയ്തു .കൂടെ നല്ല ഇടിയും മിന്നലും. അടുത്തുള്ള കടയിൽ ഞങ്ങൾ നിന്നു .എൻറെ പുത്തൻ പട്ടുപാവാടയും നനഞ്ഞു. മഴ കുറയുന്ന ലക്ഷണമില്ല .സമയം 7 ആകുന്നു .ഞങ്ങൾക്ക് പേടിയായി. അമ്മ പറഞ്ഞ കാര്യം മനസ്സിൽ ഓർത്തു. അമ്മ പറഞ്ഞത് കേട്ട് കുട എടുത്തിരുന്നെങ്കിൽ.... ഇപ്പോൾ ഇങ്ങനെ നിൽക്കേണ്ടി വരില്ലായിരുന്നു.. പിന്നെയും മഴയുടെ ശക്തി കൂടി വന്നു വീട്ടിലേക്ക് പോകാൻ കഴിയാതെ വിഷമിച്ചു.

ഞങ്ങളെ തിരക്കി അമ്മ വരുന്നത് ഞാൻ കണ്ടു എനിക്ക് സന്തോഷവും സങ്കടവും ഒരുപോലെ വന്നു.... കൂടെ ഒരു മഴപ്പാഠവും..

**അർഷിത എം എസ്**
5A



# എന്റെ സ്വപ്നം



എന്നിൽ എന്നും നിറഞ്ഞുനിന്ന
എന്റെ സ്വപ്നങ്ങളും മോഹങ്ങളും
വിടപറയുമ്പോഴും ഞാൻ ആഗ്രഹിച്ചു
കൊണ്ടേയിരുന്നു...

ഒരിക്കൽ എങ്കിലും യാഥാർത്ഥ്യമാകും
എന്ന വിശ്വാസം .വിശ്വാസം അതാണ്
എനിക്ക് എല്ലാം..

സ്വപ്നങ്ങൾ കാണാനുള്ള കഴിവ് നാം
ഉപയോഗിക്കുന്ന കാരണം ഒരിക്കൽ
ആശിച്ചു നടക്കാത്ത എത്രയെത്ര
ആഗ്രഹങ്ങളാണ് നാം ഒരു
നിമിഷമെങ്കിലും സ്വപ്നത്തിൽ നടന്ന്
കാണുന്നത്.

നിലാവിനെ സാക്ഷിയാക്കി
ഉറക്കമില്ലാത്ത  രാത്രികളിൽ
ഭ്രാന്ത് പിടിപ്പിക്കുന്ന
ആഗ്രഹങ്ങളും സ്വപ്നങ്ങളും
വല്ലാത്തൊരു ലഹരിയാണ് .
ഒരുപക്ഷേ
സഫലമായാൽ ഇല്ലാതാകുന്ന
കാത്തിരിപ്പിന്റെ ലഹരി.

ആരും കാണാത്ത ഒരു
മനസ്സുണ്ട്.
അതിൽ ഞാൻ ഏറെ
സ്നേഹിക്കുന്ന
സ്വപ്നങ്ങൾ ഉണ്ട്. അതാണ് ഞാൻ
പടുത്തുയർത്തിയ സ്വപ്നങ്ങൾ...
വരികളില്ലാത്ത ചുവരുകളെക്കുറിച്ച്

മൊഴികൾ അത്രയും
വരികൾ ആക്കി സ്വപ്നമേ
ക്ഷണിക്കുന്നു നിന്നെ ...
എന്നെ വരിക്കുവാനായി.


അതുൽ വിനീഷ്
7A



# അമ്മ



നമ്മുടെ എല്ലാവരുടെയും ഹൃദയത്തിലെ ആദ്യ സ്ഥാനം അമ്മയ്ക്ക് തന്നെ ഉള്ളതാണ്. അമ്മ എന്ന വാക്ക് കേൾക്കുമ്പോൾ തന്നെ മനസ്സിൽ ഒരു വല്ലാത്ത ഊർജ്ജമാണ് ഉണ്ടാകുന്നത് .നമുക്ക് എന്തിനെയും കീഴടക്കാൻ സാധിക്കും എന്നുള്ളതാണ് സത്യം. നമുക്കറിയാം ജീവൻ തന്നത് ദൈവമാണ്. എങ്കിൽ ജനിപ്പിച്ചത് അമ്മയാണ്. ഒരു അമ്മ അവരുടെ മക്കളുടെ നല്ലതിനുവേണ്ടി എന്തൊക്കെ യാതനകൾ സഹിക്കുന്നു എന്നുള്ളത് അവരുടെ സ്ഥാനത്തുനിന്ന് നോക്കിയാൽ നമുക്ക് മനസ്സിലാവുകയുള്ളൂ. സ്വന്തം മക്കൾ നല്ലൊരു നിലയിൽ എത്തുമ്പോൾ നമുക്ക് എല്ലാവർക്കും അറിയാം വീട് ഉറങ്ങിയാലും അമ്മ ഉറങ്ങില്ല അതാണ് അമ്മ എന്നാൽ ഇന്നത്തെ തലമുറയിലെ മക്കളെ അമ്മ എന്ന രണ്ടക്ഷരം എത്രമാത്രം സ്വാധീനിച്ചിരിക്കുന്നു എന്നുള്ളത് ഒരു ചോദ്യചിഹ്നമായി മാറിയിരിക്കുകയാണ്. ഒരു അമ്മയും അവരുടെ മക്കൾ നശിച്ചു പോകണമെന്ന് മനസ്സുകൊണ്ട് പോലും ആഗ്രഹിക്കാറില്ല എന്നാൽ ഇന്നത്തെ ഭൂരിഭാഗം മക്കളും അവരുടെ അമ്മയെ പല കാരണങ്ങൾ കൊണ്ട് തള്ളിപ്പറയുകയാണ്. ചിലപ്പോൾ സ്വന്തം മക്കൾ എന്തെങ്കിലും തെറ്റ് ചെയ്യുമ്പോൾ അമ്മമാർ ശാസിക്കാറുണ്ട്. ചിലപ്പോൾ വഴക്കു പറഞ്ഞേക്കാം. ചിലപ്പോൾ അടിച്ചെന്നും ഇരിക്കും. അത് അമ്മ മക്കളോട് ചെയ്യുന്ന ക്രൂരതയാണെന്ന് നാം ഒരിക്കലും ചിന്തിക്കരുത്. മക്കൾ വീണ്ടും ആ തെറ്റ് ആവർത്തിക്കരുത് എന്ന കാരണത്തിലാണ് അവർ അത് ചെയ്യുന്നത്. ഒരുപക്ഷേ അമ്മതല്ലി എന്നിരിക്കട്ടെ നാം അത് കൊള്ളുക തന്നെ ചെയ്യണം. കാരണം നാം അതിന് അർഹതപ്പെട്ടവരാണ്. ഒരിക്കലും അവരെ തള്ളി പറയരുത്. നമ്മുടെ അമ്മയെ നമ്മുടെ സ്വന്തം ജീവനായി സ്നേഹിക്കുക എന്നതാണ് നല്ല കാര്യം. അതായത് എന്നിലെ ഞാനാണ് അമ്മ. അമ്മയ്ക്ക് എല്ലാ ബഹുമാനവും സ്നേഹവും സംരക്ഷണവും നാം കൊടുക്കേണ്ടതാണ്. അമ്മയാണ് എല്ലാം....



ലേഖനം

മിഥുന രതീഷ് 10A



# അമ്മ

നാവിൽ മധു പുരട്ടുന്ന  വാക്കെന്നും  അമ്മ

എൻ സ്നേഹ പൂവാടിയിൽ  പൂത്തതെന്നു എൻ
അമ്മ



അമ്മയാണെൻ ലോകം
അമ്മയാണെൻ  ജീവൻ

എൻ അമ്മ നല്ല പൊന്നമ്മ

എൻ നാവിൽ ആദ്യമായി
പൂത്തതും അമ്മ

ജനനി നിൻ മകളായ
ഞാൻ പുണ്യവതി

ഇന്നു നീ എൻ
കൂടെയില്ലെങ്കിലും

എന്നുമീ  കുഞ്ഞു മനസ്സിൽ
നീയുണ്ട്

നാവിൽ മധു പുരട്ടുന്ന
വാക്കെന്നും   അമ്മ

ആനിന്ദ്യ പി എ

# ലിംഗസമത്വം

നമുക്ക് എല്ലാവർക്കും സമത്വം ആവശ്യമാണ്. അതിനായി ആദ്യം നമ്മുടെ സമൂഹം മാറണം. അതിനു ഏറ്റവും നല്ല ഉദാഹരണമാണ് നമ്മുടെ വീട്ടുകളിൽ തന്നെ രാത്രിയിൽ പെൺകുട്ടികൾ താമസിച്ചു വന്നാൽ അതുപിന്നെ വലിയ പ്രശ്നം ആകു, അതേസമയം ഒരു ആൺകുട്ടിയാണ് എങ്കിൽ ആരും ഒന്നും ചോദിക്കുകയും ഇല്ല ഒന്നും പറയുകയുമില്ല. നമ്മുടെ സമൂഹത്തിൽ നിന്ന് ഇത് കുറേശ്ശെയായി മാറണം, അതിനായാണ് നമ്മുടെ സർക്കാർ "ജൻറെറൽ ന്യൂട്രൽ യൂണിഫോം " നിലവിൽ കൊണ്ടുവന്നത്. അതിനെതിരെ ഒത്തിരിപ്പേർ രംഗത്തുവന്നെങ്കിലും അതൊന്നും കൂട്ടാക്കാതെ ആണ് കോഴിക്കോടുള്ള ബാലുശ്ശേരി ഗവൺമെൻറ് സ്ക്കൂളിൽ ജൻറെറൽ ന്യൂട്രൽ യൂണിഫോം നിലവിൽ വന്ന ആദ്യ സർക്കാർ സ്ക്കൂൾ എന്ന പേര് അവർക്ക് കിട്ടി , പിന്നെ മിക്ക പുരുഷന്മാർക്കും സ്ത്രീകൾ അവരുടെ അടിമകളാണ് എന്ന വിചാരമാണ് മാറേണ്ടത്. പലരും സ്വത്തിനും പണത്തിനും വേണ്ടിയാണ് കല്യാണം കഴിക്കുന്നത് അതിനുശേഷം സ്വത്തിനുവേണ്ടി അവരെ കൊല്ലുകയും ചെയ്യും. അതിൻറെ ഏറ്റവും നല്ല ഉദാഹരണങ്ങളാണ് വിസ്മയ, സുചിത്ര തുടങ്ങിയവർ . സ്ത്രീകളും പുരുഷന്മാരെ പോലെ തന്നെ ശക്തരാണ് എന്ന് ബോക്സിങ്ങിലൂടെ നമുക്ക് മനസ്സിലാക്കി തന്ന ഒരു സ്ത്രീയാണ് മേരി കോം.



മിക്ക വീടുകളിലും സ്ത്രീകളാണ് ജോലി ചെയ്യുന്നത് അതുമാറ്റി , പുരുഷന്മാരും സ്ത്രീകളും ഒരുമിച്ച് ജോലികൾ പങ്കിടണം എന്നാണ് എൻറെ അഭിപ്രായം . ആണുങ്ങൾക്ക് കിട്ടുന്ന എല്ലാ പരിഗണനകളും പെൺകുട്ടികൾക്കും കിട്ടണം എന്നാണ് എൻറെ ആവശ്യം



വൈഷ്ണവി

ക്ലാസ് : X A

# യാത്രാ മംഗളം



ചടുലമായ കാൽ വെയ്പ്പുകളും ഉറച്ച ആത്മവിശ്വാസവും
സ്നേഹത്തിന്റെ മന്ത്ര ധ്വനികളും
ഹാസ്യത്തിന്റെ മേമ്പൊടിയും ചാർത്തി
കടന്നു പോകുമ്പോൾ വഴിത്താരകളിൽ
വിതറിയ ഇതളുകൾ ഓർമയിലെ
നറുമലരായ് ഞ്ങ്ങളിൽ തുടിച്ചു നിൽക്കും.

പ്രിയപ്പെട്ട മിനി ടീച്ചർക്ക് യാത്രാ മംഗളം

## PRAVESHANOLSAVAM





## ENVIRONMENTAL DAY






## CHILDRENS DAY




## INDEPENDANCE DAY





## ANTI DRUG DAY





## ESSAY WRITING





## TEENS CLUB



## ONAM







## ORANGE DAY



## MIKAVULSAVAM



## SIGNATURE CAMPAIGN















## MIKAVULSAVAM





## TEENS ACTIVITIES



## TEACHERS DAY





## VAYANA VARAM

## X MAS CELEBRATIONS











## VISIT TO NADAKKAV SCHOOL





## HIROSHIMA DAY



## NUTRITION DAY



## NCC SHIP VISIT



## KERALA PIRAVI




## MEDICAL CAMP




YOGA




## ZUMBA



## OUR SCHOOL OUR PRIDE



## STARS OF OUR SCHOOL






















































ഇത് കൗമാര മനസ്സുകളിലെ വെളിച്ചവും മാധുര്യവും ഇതൾ വിരിയിച്ച കുസുമമാണ്. പൂ വിടർന്ന് തീർന്നപ്പോൾ ഒരു നെടുവീർപ്പിന്റെ നിശ്വാസം. സംതൃപ്തിയുടെ നിറകൺചിരി.
വിടരുന്ന ഇതളിനും ഒരു വേർപാടിന്റെ വേദനയുണ്ട്. സ്വപ്നത്തിലെ മാഗസിൻ ഇപ്പോഴും പീലി വിടർത്തിയിട്ടില്ല. എങ്കിലും ഇത് ആ സ്വപ്നത്തിന്റെ നിഴലെങ്കിലും ആണ്.

ഈ നിഴലിന് ഞങ്ങൾക്ക് നിഴലായി കൂടെ നിന്നവർക്ക് നന്ദി .ഹൃദയത്തിൽ നിന്ന്- ഹെഡ്മിസ്ട്രസ് രാജി ടീച്ചറിനോടും കൈറ്റ് മാസ്റ്റേഴ്സ് അനീഷ ടീച്ചറിനോടും ബീന ടീച്ചറിനോടുള്ള നന്ദി എഴുതി തീർക്കാനാവില്ല. ലിറ്റിൽ കൈറ്റിലെ എല്ലാ കൂട്ടുകാരോടും കടപ്പാടുണ്ട്. എല്ലാ വായനക്കാരും ഇത് ഹൃദയത്തിൽ ഏറ്റുവാങ്ങും എന്ന പ്രതീക്ഷയോടെ

എഡിറ്റോറിയൽ ബോർഡ്

**Staff Editor: Aneesha Sherief**
**Beena Mol Jacob**

**Staff advisor: Raji R S**

**Student editor: Ahirami C R**

**Editorial board**
**Al Ameen,**
**Hiba sabu**
**Sreya Suresh**
**Esther J**
**Meenakshi Rajendran**

"ഹൃദ് രക്തത്തിൻ പ്രവാഹം ഇല്ലെങ്കിൽ

രചനകളൊക്കെയും നിഷ്ഫലം

കരൾ ചോര തുടിച്ചില്ലെങ്കിൽ

സംഗീതമോ വെറും ശബ്ദ ഘോഷം"

അല്ലാമാ ഇക്ബാൽ

